# ഗവ: എസ്. വി. എൽ. പി. എസ് മേയ്ക്കാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ: എസ്. വി. എൽ. പി സ്കൂൾ മേയ്ക്കാട്. |
| വിലാസം | : മേയ്ക്കാട്. P.O, Pin 683589 |
| സ്കൂൾ കോഡ് | : 25409 |
| വിദ്യാഭ്യാസ ഉപജില്ല | : അങ്കമാലി. |
| വിദ്യാഭ്യാസ ജില്ല | : ആലുവ. |
| റവന്യു ജില്ല | : എറണാകുളം. |
| ബി. ആർ. സി | : അങ്കമാലി. |
| സി. ആർ. സി | : തുരുത്തുശ്ശേരി. |
| ഗ്രാമപഞ്ചായത്ത് | : നെടുമ്പാശ്ശേരി. |
| ബ്ലോക്ക് പഞ്ചായത്ത് | : പാറക്കടവ്. |
| ജില്ലാ പഞ്ചായത്ത് | : എറണാകുളം. |
| നിയമസഭാ മണ്ഡലം | : അങ്കമാലി. |
| ലോക്സഭാ മണ്ഡലം | : ചാലക്കുടി. |
| താലൂക്ക് | : ആലുവ. |
| വില്ലേജ് | : നെടുമ്പാശ്ശേരി. |
| ഇ മെയിൽ | : gsvlpschool@gmail.com |

# ആമുഖം

കേരളത്തിന്റെ അഭിമാനമായ നെടുമ്പാശ്ശേരി എയർപ്പോർട്ടും പുതിയ കോടതി സമുച്ചയവും ഉൾക്കൊള്ളുന്ന നെടുമ്പാശ്ശേരി പഞ്ചായത്തിലെ മേയ്ക്കാട് എന്ന കൊച്ചുഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. കാർഷീക സമൃദ്ധിയിൽ വളർന്നു വികസിച്ച മനോഹരമായ ഈ ഗ്രാമത്തിൽ നാനാജാതി മതസ്തരായ ജനങ്ങൾ ഏകോദര സഹോദര സമഭാവം നിലനിർത്തി ജീവിച്ചു പോരുന്നു. പെരുമയും പാരമ്പര്യവുമുള്ള ആരാധനാലയങ്ങളും അവയ്ക്കനുബന്ധമായി വളർന്ന അനുഷ്ഠാന കലാചരിതവും ഈ ഗ്രാമത്തെ സമ്പന്നമാക്കുന്നു. മധുരപ്പുറം പുഴയുടെ കുളിരിൽ വിടർന്ന ഹരിതാഭപൂർണ്ണമായ ഭൂപ്രദേശത്ത് വ്യാവസായിക മേഖലയും വികസിച്ചുവരുന്നു. പ്രധാനമായും കാർഷീക-വ്യാപാര മേഖലയിലൂന്നിയ തൊഴിൽ സംസ്ക്കകാരത്തിലൂടെ വികസ്വരമാകുന്ന ഭാവിയാണ് മോയ്ക്കാട് ഗ്രാമത്തിനുള്ളത്.

## ലക്ഷ്യങ്ങളിലൂടെ

- മതനിരപേക്ഷ മൂല്യങ്ങളിലധിഷ്ഠിതമായ സാർവ്വ ലൗകിക സൗജന്യ വിദ്യാഭ്യാസം ഏറ്റവും ഗുണമേന്മയോടെ ഗ്രാമത്തിലെ എല്ലാവർക്കും ഉറപ്പു വരുത്തുക.
- അക്കാദമീക മികവിൻെറ ഉന്നത പടവുകളിലെത്തിച്ചേരാൻ ദീർഘ വീക്ഷണ ത്തോടെ പശ്ചാത്തല സൗകര്യവും സാഹചര്യവും ഒരുക്കുക.
- പ്രീ പ്രൈമിറി മുതൽ നാലാം ക്ലാസുവരെ കുട്ടികൾക്ക് സർവ്വതോന്മുഖമായ പ്രതീക്ഷിത പഠന നേട്ടങ്ങൾക്ക് ഉതകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി സമയബന്ധിതമായി അത് നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടു ത്തുക.

# പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങളിലൂടെ

പ്രവർത്തനം :1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി ഉപമേഖല : ഇംഗ്ലീഷ് പഠന പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതുവാനും വായിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക | കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ കാര്യങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക . അദ്ധ്യാപകർ ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ നൽകുക | ആഴ്ച്ചയിൽ ഒരു ദിവസം | എച്ച് .എം / ക്ലാസ്സ് ടീച്ചർ | |

# മികവ് പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

## അക്കാദമികം

ഭാഷാശേഷി വികസനം
ഇംഗ്ലീഷ് പഠന പരിപോഷണം
ഹിന്ദി പരിചയം
ഗണിതശേഷിവികസനം
ശാസ്ത്ര പോഷണ പരിപാടി
കലാ മേഖല
കായിക പരിശീലനം
ഐ ടി പരിശീലനം
പ്രവൃത്തി പരിചയ പരിശീലനം
സ്കൂൾ പത്രം
ലൈബ്രറി ശാക്തീകരണം
ഔഷധത്തോട്ടം
നാടക കളരി

## ഭൗതീകം

പുതിയ സ്കൂൾ കെട്ടിടം
ആധുനീക ടോയ്‌ലറ്റ് ബ്ലോക്കുകൾ
സ്മാർട്ട് ക്ലാസ്സ് റൂമുകൾ
നവീന കമ്പ്യൂട്ടർ ലാബ്
ടെലിവിഷൻ
വായനാ പാർക്ക്
ജൈവ വൈവിദ്ധ്യപാർക്ക്
ഓപ്പൺ ഓഡിറ്റോറിയം
മാലിന്യ സംസ്ക്കരണ പ്ലാന്റ്
ഭോജന ശാല
പച്ചക്കറിത്തോട്ടം
നഴ്സറി പാർക്ക്

## സാമൂഹികം

പൂർവ്വ വിദ്യാർത്ഥി സംഗമം
പൂർവ്വ അദ്ധ്യാപക സംഗമം
അങ്കണവാടി കലോത്സവം
പ്രാദേശിക പി ടി എ
സഹവാസ ക്യാമ്പ്
പി ടി എ സർഗ്ഗോത്സവം
രക്ഷിതാക്കളുടെ കമ്പ്യൂട്ടർ പഠനം
ദിനാചരണങ്ങൾ
പൊതി ച്ചോറ്
ഭവന സന്ദർശനം

OPPO F27 Pro+ 5G

# വിദ്യാലയം മികവിന്റെ കേന്ദ്രം

- നല്ല മനുഷ്യനായ് വളരുക" എന്ന യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം സാക്ഷാത്ക്കരിക്കുക എന്ന നിത്യ പ്രസക്തമായ കാഴ്ച്ചപ്പാടിലൂന്നി പ്രവർത്തിക്കുക .
- ലോകത്തെവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിക്കുന്ന ശേഷികളും ധാരണകളും കൂടുതൽ മികവിൽ പ്രാപ്തമാക്കുന്നത് ഉറപ്പാക്കുക.
- പാർശ്വ വത്ക്കരിക്കപ്പെട്ടവരെ പരിഗണിച്ച് പഠനസാഹചര്യം ഒരുക്കുക.
- മാനവീയ മൂല്യങ്ങളിലധിഷ്ടിതമായ സംസ്കാരം തലമുറകളിലേയ്ക്ക് അവസരോചിതമായി സംക്രമിപ്പിക്കുക.

OPPO F27 Pro+ 5G

1914 –ൽ പടപ്പമനയുടെ ഉടമസ്ഥതയിൽ 2 അദ്ധ്യാപകരും 2 ക്ലാസ്സുകളുമുള്ള ഒരു മാനേജ്മെന്റ് സ്കൂളായി പ്രവർത്തനമാരംഭിച്ച വിദ്യാലയം 1947–ൽ ഗവൺമെന്റ് ഏറ്റെടുത്തു. ശതാബ്ദി പൂർത്തിയാക്കി കൊണ്ട് മേയ്ക്കാട് ഗ്രാമത്തിന് അറിവിന്റെ വെളിച്ചം പകർന്ന ഈ അക്ഷരമുത്തശ്ശിയുടെ പടവുകൾ കയറാത്ത ഒരു മനുഷ്യനും ഈ ഗ്രാമത്തിന്റെ സാമൂഹ്യ - സാംസ്ക്കാരിക മേഖലയിൽ അഭിരമിക്കുന്നില്ല. കാർഷീകമേഖലയായി നിലനിന്ന ഗ്രാമത്തിന്റെ അനുക്രമമായ വികസനത്തിന് തുടക്കം കുറിച്ചതും ഇന്നും ഒരു ജനകീയ കേന്ദ്രമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അംഗീകരിക്കുന്നതുമായ വിശാലയമായ ചരിത്രം ഈ വിദ്യാലയത്തിനുണ്ട് . ശക്തമായ പി ടി എ, പൂർവ്വ വിദ്യാർത്ഥി സംഘടന, വെൽഫെയർ കമ്മറ്റി, മാതൃസംഘം എന്നിങ്ങനെ വിദ്യാലയ സംരക്ഷണത്തിനും ഉന്നമനത്തിനും ഊർജ്ജസ്വലമായ ഒരു കർമ്മസേന പ്രവർത്തിച്ചുവരുന്നു. വിദേശത്തും സ്വദേശത്തതുമായി ഉന്നതപദവികളലങ്കരിക്കുന്ന ശ്രേഷ്ഠ സമ്പന്നമായ ഒരു സന്തതി പരമ്പര വിദ്യാലയത്തിന്റെ തിളക്കമായി നിലനിൽക്കുന്നു.

പ്രവർത്തനം :34

പ്രവർത്തനത്തിന്റെ പേര് : പി ടി എ ദിനം ഉപമേഖല : അക്കാദമികം /സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശകലനം |
|---|---|---|---|---|
| കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ സർഗ്ഗ –കായിക വേദിയൊരുക്കൽ | വാർഷീകാഘോഷവും പി ടി എ ദിനവും സാഘോഷം കൊണ്ടാടൽ , കുട്ടികൾക്കും രക്ഷിതാക്കൾക്കും മത്സരങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽ 1 തവണ | എച്ച് എം , പി ടി എ | പി ടി എ |

പ്രവർത്തനം :33

പ്രവർത്തനത്തിന്റെ പേര് : രക്ഷിതാക്കൾക്ക് ഇ സാക്ഷരത

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശകലനം |
| --- | --- | --- | --- | --- |
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പ്രവർത്തനങ്ങളിൽ പരിശീലനം നൽകൽ | മാസത്തിൽ 1 തവണ അവധി ദിവസം | എച്ച് എം , അദ്ധ്യാപകർ | പി ടി എ |

പ്രവർത്തനം :28

പ്രവർത്തനത്തിന്റെ പേര് : സ്പോർട്സ് പരിശീലനം ഉപമേഖല : കായിക മേഖല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് കായികമേഖലയിൽ കൃത്യമായപരിശീലനം ഉറപ്പുവരുത്തൽ | എല്ലാദിവസവും കഴിവുറ്റ കുട്ടികൾക്ക് സ്പോർട്സ് വ്യായാമങ്ങളും അതത് കായിക ഐറ്റവും പരിശീലനത്തിന് അവസരമൊരുക്കുന്നു മത്സരങ്ങൾ സംഘടിപ്പിക്കൽ | ദൈനം ദിനം | അദ്ധ്യാപകൻ, വിദഗ്ദ്ധർ ,രക്ഷകർത്താക്കൾ | പി ടി എ |

പ്രവർത്തനം :27

പ്രവർത്തനത്തിന്റെ പേര് : യോഗ പരിശീലനം  ഉപമേഖല : കായിക മേഖല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ഏകാഗ്രതയും ശാരീരിക ക്ഷമതയും ഉറപ്പുവരുത്താൻ യോഗ പരിശീലനം സാധ്യമാക്കൽ | രാവിലെ കുട്ടികൾക്ക് പ്രായത്തിനനുസൃതമായ രീതിയിൽ : യോഗ പരിശീലനം നടത്തുന്നു എല്ലാദിവസവും പരിശീലനത്തിന് അവസരമൊരുക്കുന്നു | ആഴ്ച്ചയിൽ 2 ദിവസം | യോഗഅദ്ധ്യാപകൻ, പി ടി എ , എച്ച് എം | പി ടി എ സൗജന്യ സേവനം |

പ്രവർത്തനം :17

പ്രവർത്തനത്തിന്റെ പേര് : ചതുഷ്ക്രിയാ വേദി

ഉപമേഖല: ഗണിത പഠന പോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ബുദ്ധിമുട്ട് വരുന്ന ചതുഷ്ക്രിയകളെ കൂടുതലായി പരിചയപ്പെടുത്തി പരിഹാര ബോധനം സാധ്യമാക്കൽ | പ്രതിമാസം രണ്ട് ക്ലാസ്സുകൾ ചതുഷ്ക്രിയകളുറപ്പിക്കുന്നതിമുള്ള അവസരമാക്കി മാറ്റൽ | പ്രതിമാസം രണ്ട് | ക്ലാസ്സ് ടീച്ചർ | |

OPPO F27 Pro+ 5G

പ്രവർത്തനം :13

പ്രവർത്തനത്തിന്റെ പേര് : ലൈബ്രറിയിലേക്ക്

ഉപമേഖല : ഭാഷാ പരമായ വായനാ സ്വഭാവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശ കലനം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കൽ നല്ല പുസ്തകങ്ങൾ വായിച്ചാസ്വദിച്ച് കുറിപ്പുകൾ തയ്യാറാക്കൽ | ആഴ്ച്ചകൾ തോറും ഒരോ പുസ്തകം നൽകി അത് വായിക്കാൻ അവസരമൊരുക്കൽ വായനാകുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കൽ ഇഷ്ടപ്പെട്ട പുസ്തകത്തിന്റെ ആസ്വാദനം തയ്യാറാക്കൽ | ആഴ്ച്ചയിൽ എല്ലാദിവസവും | ക്ലാസ്സ് ടീച്ചർ രക്ഷ കർത്താവ് | |

പ്രവർത്തനം :10

പ്രവർത്തനത്തിന്റെ പേര് : മലയാളത്തിളക്കം

ഉപമേഖല : ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശ കലനം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടി കൾക്ക് പരിഹാര ബോധനത്തി ലൂടെ ശേഷികൾ ഉറപ്പാക്കൽ | പിന്നോക്കം നിൽക്കുന്ന വരെ കണ്ടെത്തി ഫലപ്രദ മായ പഠനരീതികളിലൂടെ ആർജിക്കേണ്ടശേഷികൾ പ്രാപ്തമാക്കൽ രക്ഷ കർത്താക്കളെ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധി ക്കണം | ആഴ്ച്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ രക്ഷാ കർത്താവ് | |

പ്രവർത്തനം :9

പ്രവർത്തനത്തിന്റെ പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ ശാക്തീകരണം

| **ലക്ഷ്യം** | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശ കലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗ പരമായ കഴിവുകൾ പ്രദർശിപ്പിക്കുന്ന തിനും വികസിപ്പി ക്കുന്നതിനും അവസരമൊരു ക്കൽ | കുട്ടികളുടെ രചനകൾ , പ്രസംഗങ്ങൾ, കവിതാ ലാപനം എന്നിങ്ങനെ സർഗ്ഗപരമായ കഴിവുക ളുടെ പ്രദർശനം .വിഷയ ബന്ധിതമായി നല്കി അവതരിപ്പിക്കാൻ അദ്ധ്യാപകർ നിർദ്ദേശി ക്കണം | ആഴ്ച്ചയിൽ ഒരു ദിവസം | വിദ്യാരംഗം കൺവീനർ | |

പ്രവർത്തനം :3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| **ലക്ഷ്യം** | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചനക്ക് അവസര മെരുക്കൽ | ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് മാസത്തിലൊരിക്കൽ ബുള്ളറ്റിൻ തയ്യാറാക്കുക<br>Example :<br>June: My school<br>July : Moon day | പ്രതിമാസം | ക്ലാസ്സ് ടീച്ചർ | സ്പോൺസർഷിപ്പ് |

OPPO F27 Pro+ 5G

പ്രവർത്തനം :2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി     ഉപമേഖല : ഇംഗ്ലീഷ് പഠന പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തീകവിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി പ്രാപ്തമാക്കൽ | ഓരോ ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന സംഭവങ്ങൾ ചുരുക്കി ഇംഗ്ലീഷ് ഡയറിയിൽ എഴുതുക അദ്ധ്യാപകർ വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക | എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ / രക്ഷാകർത്താവ് | |